ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കേരള

# കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,
കേരള സർക്കാർ

## 1. ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം മുതൽ 10 കോടി രൂപ വരെ ചെലവു വരുന്ന സംരംഭങ്ങളാണ് ഈ പദ്ധതിയിൽ സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്. കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും സാങ്കേതിക വിദ്യയ്ക്കും ചെലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ വായ്പാബന്ധിത ബാക്ക് എൻഡഡ് സബ്സിഡി ആയി നൽകുന്നതാണ്.

## 2. സൂക്ഷ്മതല കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി

കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപ വരെ ചെലവു വരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്. ആകെ മൂലധന ചിലവിന്റെ 50%, പരമാവധി 10 ലക്ഷം രൂപ വായ്പാബന്ധിത ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നു.

### മാർഗ്ഗരേഖ

- വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ (SHGs), സർക്കാർ ഇതര ഏജൻസികൾ (NGOs), കർഷക ഉല്പാദക സംഘങ്ങൾ (FPOs) തുടങ്ങിയവർക്കെല്ലാം അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരിക്കണം. നൂതനമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളു.
- താഴെപറയുന്ന ചെലവുകൾ ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

1. യന്ത്രസാമഗ്രികളുടെയും, ഓഫീസ് ഉപകരണങ്ങളുടെയും വിലയും, മറ്റ് പ്രാരംഭ ചെലവുകളും

2. കെട്ടിട നിർമ്മാണച്ചെലവ്

സ്വന്തം സ്ഥലത്തോ, 10 വർഷത്തിൽ കൂടിയ കാലാവധിയ്ക്ക് പാട്ടത്തിനെടുത്ത സ്ഥലത്തോ കെട്ടിടം നിർമ്മിക്കുന്നവർക്ക് കെട്ടിടത്തിന്റെ നിർമ്മാണചെലവ്, വൈദ്യുതീകരണത്തിനും മലിനജലം സംസ്കരണത്തിനുമുള്ള ചെലവ്, ഓഫീസ്

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവ്, വിവിധ ലൈസൻസുകൾ, രജിസ്ട്രേഷൻ, ഗുണനിലവാര പരിശോധനകൾ എന്നിവയ്ക്കുള്ള പ്രാരംഭ ചെലവുകൾ എന്നിവ ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. സ്വന്തമല്ലാത്ത ഭൂമിയിൽ വാടകയ്ക്കോ, പാട്ടത്തിനോ എടുത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് വൈദ്യുതീകരണം, മലിനജല സംസ്കരണം, ഓഫീസ് സാമഗ്രികൾ കമ്പ്യൂട്ടർ, പ്രിന്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവ് മാത്രമെ ധനസഹായത്തിനായി പരിഗണിക്കുകയുള്ളു.

3. സാങ്കേതിക വിദ്യയുടെ ചെലവ്

സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ വാങ്ങുന്നതിന് ചെലവാകുന്ന തുകയുടെ 50% പരമാവധി ഒരു ലക്ഷം രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- **പദ്ധതി നടപ്പിലാക്കുന്ന വിധം**

1. സംരംഭകർ അപേക്ഷാ ഫോറത്തോടൊപ്പം വിശദമായ പദ്ധതി രൂപരേഖയുടെ പകർപ്പ് (Detailed Project Report), ബാങ്കിന്റെ വായ്പ അനുമതിപത്രം എന്നിവ എസ്.എഫ്.എ.സി.യിൽ സമർപ്പിക്കേണ്ടതാണ്.
2. യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് എസ്.എഫ്.എ.സി.യുടെ ടെക്നിക്കൽ ടീം യൂണിറ്റ് പരിശോധിച്ച് റിപ്പോർട്ട് എസ്.എഫ്.എ.സിയുടെ ഗവേണിംഗ് ബോഡിയ്ക്ക് സമർപ്പിക്കുന്നതാണ്.
3. തുടർന്ന് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി എസ്.എഫ്.എ.സി.യുടെ ധനസഹായം മേൽ വിവരിച്ച മാർഗ്ഗരേഖ അനുസരിച്ച് നൽകുന്നതാണ്. ഈ തുക ബാങ്കിന്റെ സബ്സിഡി റിസർവ് അക്കൌ ിൽ ക്രെഡിറ്റ് ചെയ്യുകയും യൂണിറ്റുകൾ വിജയകരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തിയതിനുശേഷം സംരംഭകരുടെ ലോൺ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നതാണ്. സബ്സിഡി റിസർവ് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന തുകയ്ക്ക് ബാങ്കുകൾ പലിശ ഈടാക്കാൻ പാടുള്ളതല്ല.
4. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എസ്.എഫ്.എ.സിയുടെ ഗവേണിംഗ് ബോഡിയുടെ തീരുമാനം അന്തിമമായിരിക്കും.

- **പൊതുവായ നിബന്ധനകൾ**

➢ പദ്ധതി രൂപ രേഖ (Detailed Project Report) സമർപ്പിക്കുന്നതിനു മുമ്പ് സംരംഭകർ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത എന്നിവ ഉറപ്പ് വരുത്തിയിരിക്കണം.

പദ്ധതിക്കാവശ്യമായ കാർഷികോല്പന്നങ്ങളുടെ 50% എങ്കിലും പ്രാദേശികമായി ഉല്പാദിക്കപ്പെടുന്നവ ആയിരിക്കണം.

- സാമ്പത്തിക സഹായം സ്വീകരിക്കുന്ന എല്ലാ യൂണിറ്റുകളും വാർഷിക ഓഡിറ്റ് സ്റ്റേറ്റ്മെന്റ് എസ്.എഫ്.എ.സി.ക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ യൂണിറ്റിന്റെ നെയിം ബോർഡിലും പരസ്യങ്ങളിലും "എസ്.എഫ്.എ.സി.യുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നു" എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും എസ്.എഫ്.എ.സിയുടെ വെബ്സൈറ്റ് ആയ www.sfackerala.org സന്ദർശിക്കുക

Small Farmers Agribusiness Consortium, Kerala
1st Floor, Administrativse Block,
Agricultural Urban Wholesale Market,
Venpalavattom, Anayara P.O.,
Thiruvananthapuram-695029.
Phone 0471 – 2742110, 2742113
E-mail: sfackerala123@gmail.com
Website: www.sfackerala.org